റൽ മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

(ജി) മുള്ളുവേലി കെട്ടുന്നതിന് വാങ്ങിയ മുള്ളുകമ്പികൾ തുരുമ്പു പിടിച്ചു നശിയ്ക്കുന്നതായി അറിവില്ല. 98 ജൂലൈയിൽ വാങ്ങിയ മുള്ളു കമ്പികൾ കോർപ്പറേഷന്റെ വിളകൾ കന്നുകാലികളിൽ നിന്നും സംരക്ഷിയ്ക്കുന്നതിനുവേണ്ടി മുള്ളു വേലി കെട്ടുന്നതിനുപയോഗിച്ചു കൊണ്ടിരിയ്ക്കുന്നു.

(എച്ച്) ഉണ്ട്. പ്രസ്തുത ജനറേറ്റർ പ്രവർത്തനക്ഷമമാണ്.

(ഐ) ഉദിയ്ക്കുന്നില്ല.

149 (1881) പ്ലാന്റേഷൻ കോർപ്പറേഷന്റെ വാഹനങ്ങൾ

ശ്രീ. പി.ജെ ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ആകെ എത്ര വാഹനങ്ങൾ ഉണ്ട്; ഓരോ ഇനത്തിലും എത്ര എണ്ണം വീതം ഉണ്ട്;

(ബി) ഈ വാഹനങ്ങൾ എന്താവശ്യത്തിന് എവിടെയൊക്കെ നൽകിയിരിക്കുന്നു;

(സി) ആരൊക്കെയാണ് ഇവയുടെ നിയന്ത്രണാധികാരികൾ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ ആകെ 47 വാഹനങ്ങളുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ലോറി	10
ട്രാക്ടർ	11
ബസ്സ്	3
ആംബുലൻസ്	3
കാർ	6
ജീപ്പ്	14
ആകെ	47

(ബി) ലോറികളും ട്രാക്ടറുകളും കൊടുമൺ, ചെന്നനപ്പള്ളി, കല്ലാല, ആതിരപ്പള്ളി, വെറ്റിലപ്പാറ, പേരാംപ്ര, നിലംപൂർ എന്നീ എസ്റ്റേറ്റുകൾക്ക് റബ്ബർ ട്രാൻസ്പോർട്ടിംഗിനുവേണ്ടി നൽകിയിരിക്കുന്നു. രണ്ട് ബസ്സുകൾ ആതിരപ്പള്ളി എസ്റ്റേറ്റിനോടനുബന്ധിച്ചുള്ള കാലടി പ്ലാന്റേഷൻ സ്കൂളിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നു. മൂന്നാമത്തെ ബസ്സ് ഹെഡ് ഓഫീസ് ജീവനക്കാരെ ക്വാർട്ടേഴ്സിൽനിന്ന് കൊണ്ടുവരുന്നതിനും അവരുടെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുമായി ഉപയോഗിക്കുന്നു. ആംബുലൻസുകൾ കൊടുമൺ, കാലടി, പേരാംപ്ര എന്നീ എസ്റ്റേറ്റുകളോടനുബന്ധിച്ചുള്ള ആശുപത്രിയുടെ ഉപയോഗത്തിനായി നൽകിയിരിക്കുന്നു. ജീപ്പുകൾ അതാത് എസ്റ്റേറ്റുകളുടെ ആവശ്യത്തിനായി നൽകിയിരിക്കുന്നു കാറുകൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർമാർ എന്നിവരുടെ ആവശ്യത്തിനായി നൽകിയിരിക്കുന്നു.

(സി) ഓഫീസ് കാറുകളുടെ നിയന്ത്രണാധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്കും എസ്റ്റേറ്റ് വണ്ടികളുടെ നിയന്ത്രണാധികാരം അതാത് മാനേജർമാർക്കുമാണ് നൽകിയിരിക്കുന്നത്.

150 (1882) പ്ലാന്റേഷൻ കോർപ്പറേഷനിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവ്

ശ്രീ. പി.ജെ ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.96 മുതൽ 31.3.99 വരെ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓരോ വാഹനവും എത്ര കിലോമീറ്റർ വീതം ഓടി;

(ബി) എത്ര ലിറ്റർ പെട്രോൾ/ഡീസൽ ഓരോ വാഹനത്തിലും ഉപയോഗിച്ചു;

(സി) ഓരോ വാഹനത്തിനും ശരാശരി ഇന്ധനക്ഷമത പ്രതിമാസം ലിറ്ററിനു എത്ര കിലോമീറ്റർ വീതമായിരുന്നു?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

151 (1883) പ്ലാന്റേഷൻ കോർപ്പറേഷനിലെ ഡ്രൈവർമാരുടെ ഒഴിവ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ ഡ്രൈവർമാരുടെ മൊത്തം എണ്ണം എത്ര; എവിടെയൊക്കെ എത്ര പേർ വീതമുണ്ട്;

(ബി) ഓരോരുത്തരും ഓടിക്കുന്ന വാഹനങ്ങൾ ഏതൊക്കെയാണ്;

(സി) ഡ്രൈവർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അവ നികത്താൻ സ്വീകരിച്ച നടപടികൾ എന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ മൊത്തം 45 ഡ്രൈവർമാരുടെ തസ്തികയാണുള്ളത്. അവരെ താഴെ പറയുന്ന സ്ഥലങ്ങളിൽ നിയമിച്ചിരിക്കുന്നു.

ഫെഡ് ഓഫീസ്	5
ചീമേനി	1
കൊടുമൺ	2
ചന്ദനപ്പള്ളി	8
കല്ലാല	9
പേരാംപ്ര	4
അതിരപ്പള്ളി	4
നിലംപൂർ	2

LIBRARY ARCHIVES Kerala Legislative Assembly